# നീരയ്ക്ക് ജീവനേകാൻ കർണാടക പദ്ധതി

**ആർ.എസ്.സന്തോഷ്കുമാർ**

ബാംഗ്ലൂർ ● നീരയ്ക്കു നിരോധനമേർപ്പെടുത്തിയിട്ടുള്ള എക്സൈസ് നിയമത്തിൽ ഭേദഗതി വരുത്തുമെന്നും നീരയെ പുനരുജ്ജീവിപ്പിക്കുമെന്നും കർണാടകയിൽ ബജറ്റ് പ്രഖ്യാപനം. 60 ലക്ഷം കർഷകരെ സഹായിക്കാനാണിതെന്നു ബജറ്റ് പ്രസംഗത്തിൽ മുഖ്യമന്ത്രി സിദ്ധരാമയ്യ പറഞ്ഞു. നാളികേരത്തിന്റെ മറ്റു മൂല്യവർധിത ഉൽപന്നങ്ങളായ ശർക്കര, പഞ്ചസാര, ഐസ്ക്രീം,ബിസ്കറ്റ് തുടങ്ങിയവയും പ്രോൽസാഹിപ്പിക്കും. നിലവിൽ കള്ളിനും ചാരായത്തിനും വിലക്കുള്ള കർണാടകയിൽ എക്സൈസ് നിയമഭേദഗതി വരുന്നതോടെ നീരയെ ലഹരിപാനീയ പട്ടികയിൽ നിന്ന് ഒഴിവാക്കും. തെങ്ങുകൃഷിയിൽ കേരളത്തിനു തൊട്ടുപിന്നിൽ രാജ്യത്തു രണ്ടാമതാണു കർണാടക.

നീര സംസ്കരണത്തിനു മംഗലാപുരത്തെ തുംബെയിൽ പ്ലാന്റ് സ്ഥാപിക്കുമെന്നു 2011ൽ കർണാടക ഹോർട്ടികൾച്ചർ വകുപ്പ് പ്രഖ്യാപിച്ചിരുന്നു.

ഇളംകള്ള് സംസ്കരിച്ചെടുത്ത് ആറു മാസം വരെ കേടുകൂടാതെ സൂക്ഷിക്കുന്ന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താനായിരുന്നു തീരുമാനം. എന്നാൽ എക്സൈസ് നിയമം വിനയാകുകയായിരുന്നു.